**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2325** **09-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിൽ തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷനിൽ തൊഴിൽ രഹിതരായ സ്ത്രീകൾക്ക് ജീവനോപാധികൾ നൽകുന്ന സ്കീമിൽ ക്രമക്കേട് നടന്നതായി ആഭ്യന്തര ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എത്ര കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്നും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (ബി) | 5.6 കോടി രൂപയുടെ ക്രമക്കേട് നടന്നതായി സി & എ ജി കരട് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. വ്യാജ ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ 0721 തീയതി 21/7/22 പ്രകാരം കേസ് എടുത്ത് എഫ്.ഐ.ആർ ഫയൽ ചെയ്ത് ബന്ധപ്പട്ട ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യവസായ വകുപ്പിന്റെ ഉദ്യോഗസ്ഥരായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാനായി വ്യവസായ വകുപ്പ് ഡയറക്ടറോട് നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ബന്ധപ്പെട്ട ഐ.ഇ.ഒ.യെ വ്യവസായ വകുപ്പ് സസ്പെൻഡ് ചെയ്തു. ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു. രണ്ടാമത്തെ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റി മറ്റൊരു ജില്ലയിൽ നിയമിച്ചു. ഇടനിലക്കാരിയായി പ്രവർത്തിച്ച ശ്രീമതി.സി സിന്ധുവിനെ അറസ്റ്റ് ചെയ്യുകയും റിമാൻഡിൽ പാർപ്പിക്കുകയും കേസ് തുടർ നടപടികൾ നടന്നു വരുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ നടക്കാതിരിക്കുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകി. ബാങ്കുകളുടേയും ജോയിൻറ് രജിസ്ട്രാർ (സഹകരണം) എന്നിവരുടെ യോഗം കൂടി ആയത് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് സി &എ ജി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര | (സി) | 5.6 കോടി രൂപയുടെ ക്രമക്കേട് നടന്നതായി സി & എ ജി കരട് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ട്. വ്യാജ |

| | | | |
|---|---|---|---|
| | കോടി രൂപയുടെ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; | | ജാതി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട് മ്യൂസിയം പോലീസ് സ്റ്റേഷനിൽ 0721 തീയതി 21/7/22 പ്രകാരം കേസ് എടുത്ത് എഫ്.ഐ.ആർ ഫയൽ ചെയ്ത് ബന്ധപ്പട്ട ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യവസായ വകുപ്പിന്റെ ഉദ്യോഗസ്ഥരായതിനാൽ വകുപ്പുതല നടപടി സ്വീകരിക്കാനായി വ്യവസായ വകുപ്പ് ഡയറക്ടറോട് നഗരകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ബന്ധപ്പെട്ട ഐ.ഇ.ഒ.യെ വ്യവസായ വകുപ്പ് സസ്പെൻഡ് ചെയ്തു. ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു. രണ്ടാമത്തെ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റി മറ്റൊരു ജില്ലയിൽ നിയമിച്ചു. ഇടനിലക്കാരിയായി പ്രവർത്തിച്ച ശ്രീമതി.സി സിന്ധുവിനെ അറസ്റ്റ് ചെയ്യുകയും റിമാൻഡിൽ പാർപ്പിക്കുകയും കേസ് തുടർ നടപടികൾ നടന്നു വരുകയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ നടക്കാതിരിക്കുന്നതിന് കൃത്യമായ മാർഗ്ഗ നിർദ്ദേശം നൽകി. ബാങ്കുകളുടേയും ജോയിൻറ് രജിസ്ട്രാർ (സഹകരണം) എന്നിവരുടെ യോഗം കൂടി ആയത് ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് സർവീസ് സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തവർക്ക് വായ്പ സബ്സിഡി അനുവദിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഇപ്രകാരം സബ്സിഡി അനുവദിച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 19.04.2022-ലെ സ. ഉ. (കൈ) നം. 86/2022/ തസ്വഭവ ഉത്തരവ് പ്രകാരമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ (വ്യവസായ വികസന ഓഫീസർ) സഹകരണ ബാങ്ക് മുഖേന സബ്സിഡി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

AMG-I/DCA Party no .I

Camp:തിരുവനന്തപുരം

മുനിസിപ്പൽ കോർപ്പറേഷൻ

**ആഡിറ്റ് അന്വേഷണം** നം. 50

വിഷയം : 2021-22 സാമ്പത്തിക വർഷം Industries Extension Officer നിർവ്വഹണ ഉദ്യോഗസ്ഥനായി വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകിയ പദ്ധതികളിലെ ക്രമക്കേടുകൾ സംബന്ധിച്ച്.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ 2021-22സാമ്പത്തിക വർഷം Industries Extension Officer നിർവ്വഹണ ഉദ്യോഗസ്ഥനായി ജനറൽ വിഭാഗത്തിൽപ്പെട്ടതും എസ്സ്. സി വിഭാഗത്തിൽപ്പെട്ടതുമായ ഗ്രൂപ്പ് സംരംഭങ്ങൾക്ക് 3 ലക്ഷം രൂപ വീതം ലോൺ മുഖേന യുള്ള back end സബ്സിഡി നൽകുന്നതിനായി രണ്ടു പദ്ധതികൾആവിഷ്കരിച്ചു നടപ്പിലാക്കി. വിശദവിവരങ്ങൾ ചുവടെ.

| പദ്ധതി നം. | പദ്ധതി പേര് | പദ്ധതി ഏത് വിഭാഗത്തിനു വേണ്ടി | 03 ലക്ഷം രൂപ സബ്സിഡി നൽകിയ ഗ്രൂപ്പുകളുടെ എണ്ണം | ആകെ ചെലവാക്കിയ തുക (രൂപയിൽ) | 03 ലക്ഷം രൂപ സബ്സിഡി തുക നല്കിയ ബാങ്ക് മുഖേന നല്കിയതിന്റെ വിവരം |
|---|---|---|---|---|---|
| 613/22 | സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ(വനിതകൾ) എസ്.സി | എസ്. സി | 25 | 75,00,000/- വികസന ഫണ്ട്(S.C.P) | കോവളം സർവീസ് co-operative bank 1 ഗ്രൂപ്പ് ആകെ 03 ലക്ഷം രൂപ |
| | | | | | കേരള ബാങ്ക് കുളത്തൂർ ബ്രാഞ്ച് 20 ഗ്രൂപ്പ് കൾക്കു ആകെ 60 ലക്ഷം രൂപ |
| | | | | | മുട്ടത്തറ സർവീസ് co-operative bank 4 ഗ്രൂപ്പ് കൾക്കു ആകെ 12 ലക്ഷം രൂപ |
| 760/22 | സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ(വനിതകൾ) ജനറൽ | ജനറൽ | 38 | 1,14,00,000/- വികസനഫണ്ട്(പൊതു വിഭാഗം) | ഇന്ത്യൻ ബാങ്ക്, Kazhakkoottam ബ്രാഞ്ച് 03 ഗ്രൂപ്പ് കൾക്കു ആകെ 09 ലക്ഷം രൂപ |
| | | | | | കേരള ഗ്രാമീണ ബാങ്ക് Pattom ബ്രാഞ്ച് 3 ഗ്രൂപ്പ് കൾക്കു ആകെ 09 ലക്ഷം രൂപ |
| | | | | | ബാങ്ക് ഓഫ് baroda , വീഴിഞ്ഞം ബ്രാഞ്ച് 1 ഗ്രൂപ്പ് ആകെ 03 ലക്ഷം രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | | വട്ടിയൂർകാവ് സർവീസ് co-operative bank 12 ഗ്രൂപ്പ് കൾക്കു ആകെ 36 ലക്ഷം രൂപ |
| | | | | | മുട്ടത്തറ സർവീസ് co-operative bank 6 ഗ്രൂപ്പ് കൾക്കു ആകെ 18 ലക്ഷം രൂപ |
| | | | | | കേരള ബാങ്ക് പേരൂർക്കട ബ്രാഞ്ച് 05 ഗ്രൂപ്പ് കൾക്കു ആകെ 15 ലക്ഷം രൂപ |
| | | | | | കോവളം സർവീസ് co-operative bank 8 ഗ്രൂപ്പ് ആകെ 24 ലക്ഷം രൂപ |

സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018 ത.സ്വ.ഭ.വ തീയതി 14/02/2018 പ്രാകാരം സ്ത്രീകൾ മാത്രം ഉള്ള സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ (കുറഞ്ഞത് 05 പേരുള്ളവ) പൊതുവിഭാഗം , പട്ടികജാതി വിഭാഗങ്ങൾക്ക് 85% സബ്സിഡി(പരമാവധി 3 ലക്ഷം രൂപ) താഴെ വിവരിക്കുന്ന പ്രധാന വ്യവസ്ഥകൾക്ക് വിധേയമായി നൽകാം.

1) സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് കഴിഞ്ഞ 5 വർഷത്തിനിടയിൽ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത്.
2) കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നൈപുണ്യ വികസന പരിശീലനം ലഭിച്ചിട്ടുള്ളവർക്ക് മുൻഗണന
3) വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം. സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് എൻഡഡ് സബ്സിഡി ആയി നൽകാം
4) ഗ്രാമനഗര വ്യത്യാസമില്ലാത്ത ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുറഞ്ഞത് 5 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം .നബാർഡിന്റെ നോൺ ഫാം മേഖലയിലെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (JLG) സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.
5) ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷമുള്ള ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് പ്രവാസി ഗ്രൂപ്പുകൾ/ഭിന്നശേഷിയുള്ളവരുടെ ഗ്രൂപ്പുകൾ /നൈപുണ്യ) പരിശീലനം നേടിയവരുടെ ഗ്രൂപ്പുകൾക്ക് മുൻഗണനയും ഗ്രേഡിംഗിലെ 6 മാസം കാലാവധിയും ഇളവും.
6) സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ(സംരംഭത്തിൽ നിന്നുള്ള വരവുകളും) ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണ്.

ആഡിറ്റിന്റെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു. (760/22, &613/22)

1. 2021-22 സാമ്പത്തിക വർഷം രണ്ടു പദ്ധതികൾ മുഖേന സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് (ജനറൽ & എസ്.സി) സബ്സിഡി തുകയായ 03 ലക്ഷം രൂപ 63 ഗ്രൂപ്പുകൾക്ക് (ജനറൽ 38+ എസ് സി 25) നൽകിയത് സബ്സിഡി മാർഗരേഖകൾ പാലിക്കാതെയാണ്. ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്ത 4 ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകിയതായി കാണുന്നു. കൂടാതെ സബ്സിഡി നൽകിയ11 ഗ്രൂപ്പുകളുടെ അംഗങ്ങളുടെ പേര് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. അപേക്ഷയും/എഗ്രിമെന്റും പ്രകാരമുള്ള 4 ഗ്രൂപ്പുകളിലെ അംഗങ്ങൾ ഗുണഭോക്തൃലിസ്റ്റിലെ അംഗങ്ങളുമായി വ്യത്യാസമുള്ളതാണ്. കൂടാതെ എഗ്രിമെന്റും/അപേക്ഷയും പ്രകാരമുള്ള 31 ഗ്രൂപ്പ്കളുടെ അംഗങ്ങളായ 05 പേർ അല്ലാ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ളവർ. എഗ്രിമെന്റും അപേക്ഷയും പ്രകാരമുള്ള 8 ഗ്രൂപ്പുകളിലെ അംഗങ്ങൾ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള ചില അംഗങ്ങളുമായി യോചിക്കുന്നു. ഗുണഭോക്തൃ ലിസ്റ്റിലും അപേക്ഷയും/എഗ്രിമെന്റും രണ്ടു ഗ്രൂപ്പുകളിലും ഒരേ പേരും അഡ്രഎസ്സും ഉള്ള ആശാലത യെന്ന അംഗം ഉൾപ്പെട്ടിട്ടുണ്ട്. വിശദവിവരം അനുബന്ധം- ।ൽ ചേർക്കുന്നു.

കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ Industries Extension Officer നടപ്പിലാക്കുന്ന പദ്ധതികളുടെ കൗൺസിൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്( സ്പ്ലിമെന്ററി ലിസ്റ്റ് ഉൾപ്പെടെ) പ്രകാരം സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ (ജനറൽ) എന്ന പദ്ധതി 760/22 എന്ന പദ്ധതിയ്ക്കായി ജനറൽ വിഭാഗത്തിലുള്ള വ്യക്തികൾ അടങ്ങിയ സംരംഭങ്ങളെ(JLG) മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

എന്നാൽ പദ്ധതി നം .613/22 പ്രകാരം 2021-22 സാമ്പത്തിക വർഷം 25 എസ്.സി വിഭാഗത്തിലെ അംഗങ്ങൾ ഉൾപ്പെട്ട സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് വികസന ഫണ്ട് (എസ്.സി.പി) മുഖേന 75 ലക്ഷം രൂപ സബ്സിഡി നൽകിയതായി കാണുന്നു. കൂടാതെ ഈ ഗ്രൂപ്പുകൾ എല്ലാം തന്നെ ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ ഗ്രൂപ്പുകളായി രേഖപ്പെടുത്തിരിക്കുന്നതാണ്. ഫയൽ പരിശോധനയിൽ ഈ അംഗങ്ങളുടെ ജാതി (എസ്.സി) തെളിയിക്കുന്നതിനായി ഉൾപ്പെടുത്തിരിക്കുന്ന എസ്.സി സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാക്കിയ സെക്യൂരിറ്റി

കോഡ് ഉള്ളതായ ഒറിജിനൽ സർട്ടിഫിക്കറ്റുകൾ അല്ല. ഇവ എല്ലാം തന്നെ കൃത്യമമായി നിർമ്മിച്ച ഫോട്ടോകോപ്പികളാണ്. ഒരേ ദിവസം മൂന്ന് വ്യത്യസ്ത തിരുവനന്തപുരം താലൂക്ക് തഹസിൽദാർമാർ ഒപ്പിട്ടുനൽകിയ സർട്ടിഫിക്കറ്റുകളും കാണപ്പെട്ടു. കൂടാതെ ഒരേ പേരിൽ ഇൻഷ്യൽ മാത്രം വ്യത്യാസമുള്ള എസ്.സി സർട്ടിഫിക്കറ്റ് ഇൻഷ്യൽ മറച്ചു ഉൾക്കൊള്ളിച്ചതായി കാണപ്പെട്ടു. കൂടാതെ റേഷൻ കാർഡുകളുടെ ഫോട്ടോ കോപ്പികളിലും ജനറൽ വിഭാഗം എന്ന് വ്യക്തമാക്കുന്ന രേഖകൾ മറച്ചുവെക്കുകയും ചില കാർഡുകളിൽ പേരുകൾ കൂട്ടിച്ചേർത്തിട്ടുമുണ്ട്. റേഷൻ കാർഡുകൾ e-വെരിഫിക്കേഷൻ നടത്തിയപ്പോൾ ഇവ വ്യക്തമായി.(ഉദാഹരണം- അച്ഛൻറെ പേര്-ശശിധരൻ നായർ എന്നാണ് ജനറൽ എന്ന് വ്യക്തമാക്കുന്ന ഈ രേഖ, നായർ മറച്ചിരുക്കുന്ന രീതിയിലാണ് ഫോട്ടോ കോപ്പി ഉള്ളത്. അതുപോലെ മാലിനി എന്ന അംഗത്തെ റേഷൻ കാർഡിലെ അംഗങ്ങളുടെ പട്ടികയിൽ കൃത്യമമായി കൂട്ടിച്ചേർത്തതായും കാണപ്പെട്ടു).

അങ്ങനെ ഈ പദ്ധതി പ്രകാരം ആകെ 75 ലക്ഷം രൂപ എസ്. സി വിഭാഗത്തിലെ ഗ്രൂപ്പ് സംഭാരണങ്ങൾക്ക് നൽകുന്നതെന്ന വ്യാജേന ജനറൽ വിഭാഗത്തിനാണ് SCP വികസന ഫണ്ട് വിനിയോഗിച്ചിരിക്കുന്നത്.

2. എട്ടു ബാങ്കുകളിൽ നിന്നായി ലോൺ നല്കി എന്ന ലോൺ സാങ്ഷൻ ലെറ്റർ ലഭ്യമാക്കിയാണ് രണ്ട് പദ്ധതികളിലായി തുക അനുവദിച്ചത്. എന്നാൽ ഓഡിറ്റിന് ബാങ്കുകൾ നൽകിയ മറുപടി പ്രകാരം ഇതിൽ മൂന്നു ബാങ്കളിൽ (ഇന്ത്യൻ ബാങ്ക് കഴക്കൂട്ടം, ,കേരള ഗ്രാമീൺ ബാങ്ക് പട്ടം , ബാങ്ക് ഓഫ് ബറോഡ വിഴിഞ്ഞം) നിന്നും 7 ഗ്രൂപ്പുകൾക്ക് നൽകിയിരിക്കുന്ന ലോൺ സാങ്ഷൻ ലെറ്റർ ഒഴികെ 5 ബാങ്കുകളിൽ നിന്നും ലഭ്യമാക്കിയ ലോൺ സാങ്ഷൻ ലെറ്റർ ( കോവളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള ബാങ്ക് കുളത്തൂർ ബ്രാഞ്ച്, കേരള ബാങ്ക് പേരൂർക്കട ബ്രാഞ്ച്,മുട്ടത്തറ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,വട്ടിയൂർക്കാവ് സർവീസ് കോ-ഓപ്പറേറ്റീവ് ബ്രാഞ്ച് (2 ഗ്രൂപ്പുകൾ നൽകിയ ലോൺ സാങ്ഷൻ ലെറ്റർ ഒഴികെ)) എല്ലാം വ്യാജമാണ്. ഇവ കൃത്യമമായി ഉണ്ടാക്കിയതാണ്. ഈ ബാങ്കുകൾ ഇത്തരം ഗ്രൂപ്പുകൾ(JLG), ഒരു എസ്ബി അക്കൗണ്ട്(Savings Bank) തുടങ്ങിയെന്നുള്ള ഒരു കത്ത് മാത്രമാണ് നൽകിയത് എന്നും ഈ ഗ്രൂപ്പുകൾക്ക് ലോൺ ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചു.

3. ഇത്തരത്തിൽ ലോണുകൾ ഇല്ലാത്ത 54 ഗ്രൂപ്പുകൾക്ക് വിവിധ ബാങ്കുകളിലെ എസ്സ്.ബി അക്കൌണ്ടുകളിൽ ലഭ്യമായ സബ്സിഡികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) കേരള ബാങ്ക് (കുളത്തൂർ ബ്രാഞ്ച്,പേരൂർക്കട ബ്രാഞ്ച്), ,മുട്ടത്തറ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്

എസ് സി & പൊതു വിഭാഗം സ്വയംതൊഴിൽ വനിത പദ്ധതികൾ പ്രകാരം ഈ ബാങ്കുകൾ വഴി 35 ഗ്രൂപ്പുകൾക്ക് (കുളത്തൂർ ബ്രാഞ്ച്-20 ഗ്രൂപ്പ്, പേരൂർക്കട ബ്രാഞ്ച്- 5 ഗ്രൂപ്പുകൾ, മുട്ടത്തറ സർവീസ് co-operative bank -10 ഗ്രൂപ്പ്,) 3 ലക്ഷം രൂപ വീതം ആകെ 1.05 കോടി രൂപ ട്രഷറി മുഖേന നൽകി.

കേരള ബാങ്ക് കുളത്തൂർ ശാഖയിൽ , 20 ഗ്രൂപ്പ്കൾക്കായി ലഭിച്ച 60 ലക്ഷം രൂപയിൽ 57 ലക്ഷം രൂപ 19 ഗ്രൂപ്പ് കൾ ക്കായി അവരുടെ എസ്സ്.ബി അക്കൌണ്ടിൽ നല്കി ബാക്കി ഒരു ഗ്രൂപ്പ് നുള്ള 3 ലക്ഷം രൂപ (ശിവ പാർവതി JLG) ബാങ്കിന്റെ അക്കൌണ്ടില് നിലനിർത്തി. ഇതിൽ ഒരു ഗ്രൂപ്പ്നു അക്കൌണ്ടിൽ നല്കിയ 3 ലക്ഷം രൂപ ഒഴികെ ഉള്ള 54 ലക്ഷം രൂപയും പിൻവലിച്ചതായി കാണപ്പെട്ടു.

കേരള ബാങ്ക് പേരൂർക്കട ശാഖയിൽ 05 ഗ്രൂപ്പ്കൾക്കായി ലഭിച്ച 15 ലക്ഷം രൂപയിൽ അവരുടെ എസ്സ്.ബി അക്കൌണ്ടിൽ നല്കി. തുടര്ന്ന് എല്ലാ തുകയും പിൻവലിച്ചതായി കാണപ്പെട്ടു.

മുട്ടത്തറ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് മെയിന് ശാഖയിൽ 10 ഗ്രൂപ്പ്കൾക്കായി ലഭിച്ച 30 ലക്ഷം രൂപയിൽ അവരുടെ എസ്സ്.ബി അക്കൌണ്ടിൽ നല്കി. തുടര്ന്ന് എല്ലാ തുകയും പിൻവലിച്ചതായി കാണപ്പെട്ടു.

എന്നാൽ ഈ മൂന്നു ബാങ്കുകളിൽ ആയി 33 ഗ്രൂപ്പ്കൾ(18+05+10) അവരുടെ അക്കൌണ്ടില് നിന്നും പിൻവലിച്ച 99 ലക്ഷം രൂപ(03 ലക്ഷം രൂപ വീതം) ഓരോ അക്കൌണ്ടിൽ നിന്ന് 3 ലക്ഷം രൂപ വീതം ചെക്ക് മുഖേന Aswathy Supplies(സിന്ധു, അശ്വതി ഭവൻ, മൂന്നാറ്റ്മുക്ക്, പൂന്തുറ യുടെ ഉടമസ്ഥതയിലുള്ള) എന്ന സ്ഥാപനത്തിൽ നിന്ന് തയ്യൽ മെഷീനും അനുബന്ധപ്പെട്ട സാധനങ്ങളും വാങ്ങുന്നതിനായി ഇൻവോയ്സ് പ്രകാരം കേരള ബാങ്കിന്റെ മാണിക്യവിളാകം ബ്രാഞ്ചിലെയും(90 ലക്ഷം രൂപ) കുന്നുകുഴി ബ്രാഞ്ചിലെയും(09ലക്ഷംരൂപ) അശ്വതി സപ്ലൈസിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ഈ അക്കൗണ്ടിൽ നിന്നും അശ്വതി സപ്ലൈസ് മുഴുവൻ തുകയും പിൻവലിച്ചതായും കാണപ്പെട്ടു.

കൂടാതെ സിന്ധു, അശ്വതി ഭവൻ,മൂന്ന് മുക്ക്, പൂന്തുറ എന്ന സ്ത്രീ 613/22 എന്ന പ്രോജക്റ്റ് മുഖേന മൂന്ന് ലക്ഷം സബ്സിഡി തുക നൽകിയ oruma garmentsഎന്ന സംരംഭത്തിലെ അംഗവുമാണ്. അശ്വതി സപ്ലൈസ് എന്ന സ്ഥാപനത്തിന് ജിഎസ്ടി രജിസ്ട്രേഷൻ പ്രകാരം ഇത്തരത്തിൽ തയ്യൽ മെഷീൻ അടക്കം സാധനങ്ങൾ കമ്പനി വാങ്ങിച്ചിട്ടില്ല. അതിനാൽ ഈ കമ്പനി ഒരു കൃത്രിമ കമ്പനി ആയി നിരീക്ഷിച്ചു.

(ii)<u>കോവളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്</u>

ഈ ബാങ്ക് മുഖാന്തരം ആകെ 9 ഗ്രൂപ്പുകൾക്കായി 3 ലക്ഷം രൂപ വീതം 27 ലക്ഷം രൂപ സബ്സിഡിയായി ട്രഷറി മുഖേന നൽകി.ബാങ്ക് ഈ രൂപ അതായത് ഗ്രൂപ്പുകളുടെ അക്കൗണ്ടിലേക്ക് ഇവ നിക്ഷേപിക്കുകയും തുടർന്ന് ഇവ 50,000 രൂപ വീതം 6 തവണകളായി loose leaf ആയിതന്നെ ഗ്രൂപ്പുകളുടെ അംഗങ്ങൾ ഈ തുകകൾ ക്യാഷ് ആയി അക്കൌണ്ടിൽ നിന്നും പിൻവലിച്ചതായി കാണപ്പെട്ടു.

(iii)<u>വട്ടിയൂർക്കാവ് സർവീസ് സഹകരണ ബാങ്ക്</u>

ഈ ബാങ്കിലേയ്ക്ക് 12 ഗ്രൂപ്പുകൾക്ക് വേണ്ടി സബ്സിഡി തുകയായി 36 ലക്ഷം രൂപ (3 ലക്ഷം രൂപ) വീതം ട്രഷറി മുഖേന നൽകി. ഇതിൽ രണ്ട് ഗ്രൂപ്പുകൾ ഈ ബാങ്കിൽ നിന്നും 375,000 രൂപ ലോൺ എടുത്തതാണ്.അതിനാൽ അവർക്കുള്ള 6 ലക്ഷം രൂപ (മൂന്നു ലക്ഷം വീതം) രൂപ വീതം ബാങ്ക് എൻഡ് സബ്സ്ഡി എന്ന നിലയിൽ ലോണിലേക്ക് ആയി മാറ്റി. എന്നാൽ 10 ഗ്രൂപ്പുകൾക്ക് ലോൺ ഉണ്ട് എന്ന് കാണിക്കുന്ന <u>വട്ടിയൂർക്കാവ്</u> ബാങ്കിൻറെ ലോൺ sanction ലെറ്റർ കോർപ്പറേഷനിൽ ഹാജരാക്കിയെന്നും ഈ 30 ലക്ഷം രൂപ അതുമായി ബന്ധപ്പെട്ട് ലോൺ അഡ്ജസ്റ്റ് ചെയ്യാനായി ഉള്ളതാണെന്നറിഞ്ഞ ബാങ്ക് ആകെ തുകയായ 30 ലക്ഷം രൂപ തടഞ്ഞു വയ്ക്കുകയും വ്യവസായ മന്ത്രിക്ക് കത്ത് നൽകുകയും ചെയ്തു. ഈ തുക ബാങ്കിൻറെ അക്കൗണ്ട് ഇപ്പോഴും നിലനിർത്തിയിരിക്കുന്നു.

(4) ആഡിറ്റ് 05/11/2022 ന് ഗുണഭോക്തൃ ലിസ്റ്റ്/എഗ്രിമെന്റ് പ്രകാരമുള്ള ഗ്രൂപ്പ് അംഗങ്ങളും കോവളം സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിന്റെ ബാങ്ക് അക്കൗണ്ടിലെ അംഗങ്ങളും ഒന്നായ സൺഫ്ലവർ JLG ഗ്രൂപ്പിനെ (പ്രോജക്ട് നം.760/22 സ്വയം തൊഴിൽ സംരംഭങ്ങൾ വനിത (ജനറൽ) മുഖേന സബ്സിഡി ലഭിച്ച) സന്ദർശിച്ചു. ഈ ഗ്രൂപ്പ് ഒരു ഗ്രൂപ്പ് സംരംഭവും ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചു.. കൂടാതെ ഗ്രൂപ്പിലെ മൂന്നു

അംഗങ്ങളെ മാത്രമാണ് കാണാനായത് മറ്റു രണ്ടു പേർ സ്ഥലത്തില്ലെന്നു അറിയിച്ചു. ഗ്രൂപ്പ് ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടില്ലെന്നും അറിയിച്ചു. സബ്സിഡി ലഭിക്കാനായി ഇവരെ നിഷ എന്ന സ്ത്രീ ആണ് ബാങ്കിൽ സേവിംഗ് ബാങ്ക് അക്കൗണ്ട് ഗ്രൂപ്പിന്റെ പേരിൽ എടുപ്പിച്ചതെന്നും നിഷയ്ക്ക് ബ്ലാങ്ക് ബാങ്ക് ലീഫുകളിൽ ഒപ്പിട്ടു കൊടുത്തിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ തിരികെ അടയ്ക്കേണ്ടതല്ലാത്ത സബ്സിഡി തുക എന്ന നിലയിൽ ഈ അംഗങ്ങൾക്ക് 20,000/- രൂപ വീതം ഇവർക്ക് അവർ നൽകി എന്ന് അറിയിച്ചു.

ആഡിറ്റ് 07/11/22 നു 08/11/2022 നും ആയി ഗുണഭോക്തൃ ലിസ്റ്റിൽ/ എഗ്രിമെന്റ് പ്രകാരമുള്ള അംഗങ്ങളും കേരള ബാങ്ക് കുളത്തൂർ ശാഖ ബാങ്ക് അക്കൗണ്ടിലെ അംഗങ്ങളും വ്യത്യസ്തമായ 4 ഗ്രൂപ്പുകൾ (പ്രോജക്ട് നം. 613/22 എസ്.സി വിഭാഗത്തിലുള്ള സ്ത്രീ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സബ്സിഡി നൽകിയവ) SOUBHAGYA , UDAYA, AISWARYA &VIGNESWARA സന്ദർശിച്ചു.

ഇവയിൽ സൗഭാഗ്യ JLG ഗ്രൂപ്പ് അംഗമായ മായ യെന്ന ഒരു വ്യക്തിയെ മാത്രമാണ് കാണാനായത് അവർക്ക് ആ ഗ്രൂപ്പിലെ ഒരാളൊഴികെ മറ്റാരെയും അറിയില്ല എന്ന് അറിയിച്ചു. ഈ ഗ്രൂപ്പ് ഒരു ഗ്രൂപ്പ് സംരംഭവും ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചു. കൂടാതെ രതീഷാകുമാരി, സിന്ധു എന്ന സ്ത്രീകൾ ആണ് അവരെ കുളത്തൂർ ബാങ്കിൽ ഗ്രൂപ്പിന്റെ പേരിൽ സേവിംഗ്സ് അക്കൗണ്ട്സ് തുടങ്ങിച്ചതെന്നും അവർക്ക് സബ്സിഡി എന്ന നിലയിൽ 18,000/- ക്യാഷ് ഉം SEWING MACHINE ഉം ലഭിക്കുമെന്ന് അറിയിച്ച് കുറച്ച് loose bank leaf കളിൽ ഒപ്പിടിപ്പിച്ചു എന്നും അറിയിച്ചു. തുടർന്ന് അവർക്ക് 18,000/- രൂപയും ഒരു sewing machineഉം നൽകിയെന്നും ഈ തുക തിരികെ അടവാക്കേണ്ടാത്തതാണെന്നും എന്ന നിലയ്ക്ക് അവർക്ക് നൽകിയെന്നും അറിയിച്ചു.

ഉദയ JLG ഗ്രൂപ്പിൽ അംഗമായ രതീഷാകുമാരിയെ മാത്രമാണ് കാണാൻ സാധിച്ചത്. ഈ ഗ്രൂപ്പ് ഒരു ഗ്രൂപ്പ് സംരംഭവും ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചു. സിന്ധു എന്ന സ്ത്രീയാണ് ഇവരെ സബ്സിഡി ലഭിക്കും എന്ന നിലയിൽ ഗ്രൂപ്പിന്റെ പേരിൽ എസ് ബി അക്കൗണ്ട് ബാങ്കിൽ തുടങ്ങിച്ചതെന്നും തുടർന്ന് കുറച്ച് ബാങ്ക് Loose leaf കളിൽ ഒപ്പിട്ടു നൽകിയ ശേഷം 18,000/-രൂപയും sewing machine നും നൽകിയതെന്നും അറിയിച്ചു. മറ്റ് രണ്ടു അംഗമായ പ്രിയ, നിമിഷ ജയരാജ് എന്നിവരുടെ ഫോൺ നമ്പർ രതീഷാകുമാരി നല്കിയത്തിനെ തുടർന്ന് CDS മെമ്പർ സെക്രട്ടറി അവരെ ഫോണിൽ ബന്ധപ്പെട്ടു. പ്രിയ യെന്ന അംഗത്തിന്നു 18,000/-രൂപ

മാത്രം ലഭിച്ചു യെന്നും നിമിഷ ജയരാജ് യെന്ന അംഗത്തിന്നു 18,000/- രൂപയും sewing machine നും ലഭിച്ചു യെന്നു അറിയിച്ചു.

VIGNESWARA JLG ഗ്രൂപ്പിന്റെ അംഗങ്ങൾക്കു ജോലി സംബന്ധമായി എത്താൻ സാധിക്കാത്തതിനാൽ ഫോൺ നമ്പരുകൾ രതീഷാകുമാരി നല്കി. തുടർന്ന് CDS മെമ്പർ സെക്രട്ടറി ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ നിമിഷ മോൾ യെന്ന ഒരു അംഗതെ മാത്രമേ ബന്ധപ്പെടാൻ സാധിച്ചുള്ളൂ. ഈ ഗ്രൂപ്പ് ഒരു ഗ്രൂപ്പ് സംരംഭവും ആരംഭിച്ചിട്ടില്ല എന്ന് അറിയിച്ചു. കൂടാതെ രതീഷാകുമാരി യെന്ന സ്ത്രീ ആണ് അവരെ കുളത്തൂർ ബാങ്കിൽ ഗ്രൂപ്പിന്റെ പേരിൽ സേവിംഗ്സ് അക്കൗണ്ട്സ് തുടങ്ങിച്ചതെന്നും അവർക്ക് സബ്സിഡി എന്ന നിലയിൽ 25,000/- രൂപ (18,000/- ക്യാഷ് ഉം 7,000/- രൂപ വിലയുള്ള SEWING MACHINE ഉം) ലഭിക്കുമെന്ന് അറിയിച്ച് കുറച്ച് loose bank leaf കളിൽ ഒപ്പിടിപ്പിച്ചു എന്നും അറിയിച്ചു. തുടർന്ന് അവർക്ക് 18,000/- രൂപയും ഒരു sewing machineഉം നൽകിയെന്നും ഈ തുക തിരികെ അടവാക്കേണ്ടാത്തതാണെന്നും എന്ന നിലയ്ക്ക് അവർക്ക് നൽകിയെന്നും അറിയിച്ചു.

ആഡിറ്റ് നീരിക്ഷണങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാകേണ്ടതാണ്.

9/11/22

Deputy Accountant General(AMG-I)

## അനുബന്ധം -I

| SLNo. | Name of JLG | Ward | Members of JLG as per beneficiary list | Members of JLG as per agreement | Members of JLG as per bank account |
|---|---|---|---|---|---|
| 1 | Ambadi Garments | Harbour | JLG not in list | Aswathy U.S<br>Vinitha Vijayan<br>Sheeba S<br>Rajimol V<br>Manju M | same |
| 2 | Sivaparvathi garments | Poundkadavu | Haritha S Byju<br>Asha S<br>Vanajakumari<br>Sreeja<br>Panchami | Same | no match |
| 3 | Nirmalayam garments | Poundkadavu | Nija S<br>Soorya<br>Anitha R<br>Athira<br>Shamna | same | no match |
| 4 | Vandana garments | Poundkadavu | Saritha<br>Rajani<br>Sarala<br>Vidhya<br>Nisha | same | no match |
| 5 | Anagha garments | Puthenpally | Prasanna P<br>Baby<br>Mini<br>Shyni<br>Latha | nisha in place of mini | no match |
| 6 | Soorya garments | Puthenpally | Arya<br>Greeshma<br>Chandrika<br>Sreelatha<br>Aiswarya S J | Same | same |
| 7 | Oruma Garments | PUthenpally | Vidya<br>Amalu<br>Gowri<br>Haritha SM<br>Sindhu | same | same |
| 8 | iswarya Garments | Puthenpally | Moly A<br>Sandhya C<br>Mini M | same | same |

| | | | | | |
|---|---|---|---|---|---|
| | | | Suji V | | |
| | | | Akhila | | |
| 9 | iswarya garments | Kulathoor | Ashalatha S | same | no match |
| | | | Rajani | | |
| | | | Chandrika A | | |
| | | | Bindhu R | | |
| | | | Shalini V | | |
| 10 | Nirmalyam garments | Kulathoor | Praseetha | same but Ashalatha same person as that of Iswarya JLG in kulathoor ward | no match |
| | | | Kumari R | | |
| | | | Aswati U A | | |
| | | | Seena S | | |
| | | | Asha latha S | | |
| 11 | iswarya garments | Kulathoor | Ambika K | same | no match |
| | | | Ushakumari R | | |
| | | | Subha V | | |
| | | | Sugandhi | | |
| | | | Priyanka R | | |
| 12 | Queen Garments | Kulathoor | Saranya V.S | nisha and saranya U in place of Kavitha karthikeyan and Saranya V S | no match |
| | | | Ramani | | |
| | | | Archana J B | | |
| | | | Kavitha Karthikeyan | | |
| | | | Nisha A | | |
| 13 | Velikkakathu garments | Kulathoor | Vijayaremani V S | same | no match |
| | | | syamala S | | |
| | | | sunitha kumari K | | |
| | | | Vidya M S | | |
| | | | Jayanthy Y | | |
| 14 | Soubhagya garments | Kulathoor | Sheeba V | same | no match |
| | | | Nimishamol A S | | |
| | | | Sreelekshmi S | | |
| | | | Sithara R | | |
| | | | Usha V | | |
| 15 | Malar garments | Kulathoor | Vineetha MS | same | no match |
| | | | Gomathy | | |
| | | | Praveena G | | |
| | | | Laila T | | |
| | | | Arundhathi A | | |

| | | | | | |
|---|---|---|---|---|---|
| 16 | Udaya garments | Kulathoor | Sajitha | same | no match |
| | | | Anila S | | |
| | | | Hema malini p | | |
| | | | Rama Surendran | | |
| | | | Deepa M V | | |
| 17 | Vigneswara garments | Kulathoor | Salini V | same | no match |
| | | | Suprabha L | | |
| | | | Monisha S | | |
| | | | Shobha B | | |
| | | | Chandrika A | | |
| 18 | Nakshathra Garments | Kulathoor | Suma K S | Rohini R in place of Sreejitha | no match |
| | | | Sini G P | | |
| | | | Shini Chandran L | | |
| | | | Aswathy Fibiraj | | |
| | | | Sreejitha | | |
| 19 | Rose Garments | Kulathoor | Rajasree V | same | no match |
| | | | Nisha P | | |
| | | | Deepa | | |
| | | | Aswathy | | |
| | | | Malini | | |
| 20 | Karunya garments | Kulathoor | Remyaraj s R | same | no match |
| | | | sarika S | | |
| | | | Shobhana | | |
| | | | Aswani S L | | |
| | | | Neethu J S | | |
| 21 | Devi garments | Kulathoor | Misha binuraj | Girija S | no match |
| | | | remya vidhosh | Preetha v | |
| | | | sheeja mani | Sarada K | |
| | | | saranya | Sandhya V | |
| | | | Archana | Thulasi S | |
| 22 | Thalir garments | Kulathoor | Prameela R | same | no match |
| | | | Yashoda D | | |
| | | | Rohini U | | |
| | | | Mini S | | |
| | | | Prakashini P | | |
| 23 | Nandhanam Garments | Kulathoor | Thabitha RS | same | no match |
| | | | Thankachi S | | |
| | | | Jayasree S | | |
| | | | Geetha S | | |
| | | | Ratheesh kumariR | | |
| 24 | | Kulathoor | Thankachi S | same | no match |

| | | | | | |
|---|---|---|---|---|---|
| | Aswas garments | | Aswathy A G<br>Athira S L<br>Soumya raj<br>Divya S | | |
| 25 | Mayooram garments | Kulathoor | Sindhu R<br>Prasanna S<br>Soumya A M<br>Rohini<br>Maheswari M | same | no match |
| 26 | Sreehari Catering unit | Pallithura | Bindhu<br>Sasikala<br>Deepa Thoppil<br>Shylaja<br>Sreekutty | same | match |
| 27 | Haritham Café and Stationary | Pallithura | Preetha thoppil<br>Anitha<br>Anu<br>Shylaja<br>Thankamani | same | match |
| 28 | Thampuran Catering | Pallithura | Kaliyamma<br>Sheela<br>Thankamani<br>Sajina<br>Lathika | same | match |
| 29 | Rose Garments | Manickyavilakam | Shamini<br>Reji<br>Sheebamol<br>Deepa B<br>Haidens Mary | same | 2 person matches |
| 30 | Chethi Garments | Manickyavilakam | Christeena<br>Baby K<br>Ambili Thankamma<br>Merina M<br>Kavitha J | same | 2 person matches |
| 31 | Jamanthi Garments | Manickyavilakam | Sheela Titus<br>Soja<br>Betti<br>Indira<br>Soniya S | same | no match |
| 32 | Zam Zam Group | Harbour | not in list | Haseeba Beevi<br>Sabeena<br>Ali Fathima | match |

| | | | | | |
|---|---|---|---|---|---|
| | | | | Subaida beevi | |
| | | | | Sumaiya | |
| 33 | Star Garments | Kottapuram | Sujina S | same | match |
| | | | Rose Misttik | | |
| | | | Stjeena | | |
| | | | Ancy | | |
| | | | Joshy J S | | |
| 34 | Jasmine Garments | Kottapuram | Mini | same | match |
| | | | Mariya Glory | | |
| | | | Meena | | |
| | | | Suja B | | |
| | | | Reji | | |
| 35 | Rose Garments | Kottapuram | Ancy S S | same | match |
| | | | Jincy | | |
| | | | Reshma K B | | |
| | | | Shilpa K | | |
| | | | Princy R | | |
| 36 | Sun flower Garments | Kottapuram | Justin | Same | match |
| | | | Seena | | |
| | | | Sheeja | | |
| | | | Shajila | | |
| | | | Mary | | |
| 37 | Mahima JLG | Pangode | Sathi | Same | match |
| | | | Ushakumari | | |
| | | | Jayalakshmi M R | | |
| | | | Sajitha S | | |
| | | | Anju S | | |
| 38 | Vijaya JLG | Pangode | Saleena | Same | match |
| | | | Amritha | | |
| | | | Bindhu K | | |
| | | | Rakhi L | | |
| | | | Mallika B | | |
| 39 | Akshaya JLG | Pangode | Suma S | Same | match |
| | | | Moly C K | | |
| | | | Geetha | | |
| | | | Savithri K | | |
| | | | Archana Rajan | | |
| 40 | Lavanya JLG | Pangode | Sumithra | Same | match |
| | | | Haritha | | |
| | | | Haseena M | | |
| | | | Vasantha | | |
| | | | Radhika V R | | |
| 41 | Jayasreee JLG | Valiyavila | only name of JLG in list | Thara | only one person matches |

| | | | | | |
|---|---|---|---|---|---|
| | | | | Haseena<br>Lathakumari S<br>Vijaya lakshmi<br>Vani Saraswathi J | |
| 42 | Saira JLG | Harbour | Arifa<br>Sajeela beevi<br>Sajina<br>Sabitha<br>Meghbath | Same | no match |
| 43 | Samoohya JLG | Valiyavila | only name of JLG in list | Biju B B<br>Sheeba<br>Aswathi R<br>Girija<br>Ambika K S | no match |
| 44 | Chanjal JLG | Valiyavila | only name of JLG in list | Sheela T<br>Latha K L<br>Sreekala R<br>Sudha D<br>Saraswathy | no match |
| 45 | Sreelekshmi JLG | Valiyavila | only name of JLG in list | Bindhu J B<br>Monisha Mohan<br>Sobhana Kumari<br>Ambika P<br>Mayadevi M S | match |
| 46 | Bismi JLG | Pangode | Jalaja Kumary<br>Mithra M R<br>Suja<br>Soumya<br>Lakshmi | Same | match |
| 47 | Anaswara JLG | Kanjirampara | only name of JLG in list | Sangeetha M S<br>Shalini C S<br>Ramani S<br>Suma S<br>Arya S L | match |
| 48 | Deepam JLG | Kanjirampara | only name of JLG in list | Ashadevi A<br>Sangeetha S<br>Maya B<br>Sreedevi S<br>Athulya S | match |

| | | | | | |
|---|---|---|---|---|---|
| 49 | Neelima JLG | Thiruvallom | only name of JLG in list | Sruthi L S<br>Suja<br>Latha R<br>Akhila S Kumar<br>Tharamol | only two persons matches |
| 50 | Kripa JLG | Thiruvallom | only name of JLG in list | Kavitha<br>Shijimol<br>Anjana<br>Vijayamma<br>Ragini | only three person matches |
| 51 | Radha JLG | Thiruvallom | only name of JLG in list | Aparna<br>Bindhu<br>K Sukumari<br>Raji<br>Vimalakumari | only three person matches |
| 52 | Safiya JLG | Puthenpally | S Thahira<br>Sajeera Beevi<br>Seena<br>Sajeena<br>Safiya | Same | only two persons matches |
| 53 | Arafa JLG | Puthenpally | Laila Beevi<br>Sheeja N<br>Haseena Begum A<br>Shamla<br>Sayma | Same | no match |
| 54 | Ruchi JLG | Puthenpally | Thahira<br>Seenath<br>Seena<br>Sajeera<br>Sajitha | Same | only two persons matches |
| 55 | Swad JLG | Kudappanakkunu | only name of JLG in list | Viji R<br>Sheeja V<br>Ajitha V<br>Arya M S<br>Kavitha K | no match |

| | | | | | |
|---|---|---|---|---|---|
| 56 | Malathy JLG | Chettivilakom | only name of JLG in list | Rejani S | no match |
| | | | | Beena | |
| | | | | Renjusha A | |
| | | | | Kanakamani S | |
| | | | | Gopika P Gopan | |
| 57 | Deepam JLG | Chala | Sanjana | Same | no match |
| | | | Rajini | | |
| | | | Ansina R | | |
| | | | Sakeela A | | |
| | | | Nadira P | | |
| 58 | Apsara JLG | Chala | Priya | Same | no match |
| | | | Thankam | | |
| | | | Sulekha Beegum | | |
| | | | K. Karpatayammal | | |
| | | | K. Lathithambika | | |
| 59 | chandana JLG | Chala | Bhanumathi K | Same | no match |
| | | | Sreeja S A | | |
| | | | Muthumani L | | |
| | | | Anithakumari L | | |
| | | | Safeela R | | |
| 60 | Butterfly unit | Vanchiyoor | Rethimichael | Same | match |
| | | | Lincy | | |
| | | | Anila | | |
| | | | Annamma | | |
| | | | Sujamol | | |
| 61 | Thanal unit | Vanchiyoor | Binumol | Same | match |
| | | | Lilly | | |
| | | | Valsa | | |
| | | | Sheeja | | |
| | | | Theleema Johnson | | |
| 62 | Deepam unit | Vanchiyoor | Ajitha C | Same | match |
| | | | Bindhu Antony | | |
| | | | Lilly Antony | | |
| | | | Selin Mary | | |
| | | | Jacquin Vincent | | |
| 63 | Seenath JLG | Harbour | not in list | Seenath | match |
| | | | | Shameera | |
| | | | | Raseena | |
| | | | | Shahida | |
| | | | | Sheeba | |

Sreekumar
സീനിയർ ആഡിറ്റ് ഓഫീസർ

**സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ വനിതകൾ SC-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ - 6,00,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു, 69,00,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.**

| | | |
|---|---|---|
| പ്രോജക്റ്റ് നം. | - | S0613/22 |
| വിഭവ സ്രോതസ്സ് | - | വികസന ഫണ്ട് SCP |
| അന്തിമ വകയിരുത്തൽ തുക | - | 1,05,00,000 |
| ചെലവ് | - | 75,00,000 |
| ബിൽ നം./തീയതി | - | 719/27.01.2022-15,00,000/- |
| | | 756/01.02.2022-21,00,000/- |
| | | 2283/07.03.2022-21,00,000/- |
| | | 2647/21.03.2022-12,00,000/- |
| | | 3304/30.03.2022-6,00,000/- |

സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ വനിതകൾ SC എന്ന പദ്ധതി നഗരസഭാ പരിധിയിൽ താമസിക്കുന്ന 18-60 പ്രായപരിധിയിലുള്ള BPL വിഭാഗത്തിൽപ്പെട്ടവർ വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വായ്പാ തുകയുടെ 85%, പരമാവധി 3,00,000/- ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നതാണ്. ഈ പദ്ധതിയിൽ 60,00,000/- രൂപയാണ് വകയിരുത്തിയിരുന്നത്. ഗുണഭോക്താക്കളുടെ എണ്ണക്കൂടുതൽ കാരണം 542/22, 558/22, 600/22, 631/22, 642/22, 655/22 എന്നീ പദ്ധതികളിൽ നിന്നും കുറവ് ചെയ്ത 45,00,000/- രൂപ അധികമായി ചേർത്ത് 1,05,00,000/-രൂപയായിരുന്നു നടപ്പുവർഷം പദ്ധതിയ്ക്കായി ആകെ വകയിരുത്തിയത്.

2021-22 സാമ്പത്തിക വർഷം 35 ഗ്രൂപ്പുകൾക്ക് പരമാവധി 3,00,000/- രൂപ വീതം സബ്സിഡി നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തത്. 25 ഗ്രൂപ്പുകൾക്കാണ് പദ്ധതി ആനുകൂല്യം നടപ്പു സാമ്പത്തിക വർഷം ലഭ്യമാക്കിയത്. പദ്ധതിയുടെ പരിശോധനയിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഗുണഭോക്താക്കൾ വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ചതായും, ഐശ്വര്യ JLG, നിർമാല്യം JLG എന്നീ ഗ്രൂപ്പുകൾക്ക് 2 തവണ സബ്സിഡി തുക അനുവദിക്കുകയും, ഒരേ ഗുണഭോക്താവിന് ഒന്നിലധികം ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തി സബ്സിഡി തുക അനുവദിക്കുകയും ചില JLG ഗ്രൂപ്പുകൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്കും മറ്റു ചില ഗ്രൂപ്പുകൾക്ക് ബാങ്കിന്റെ അക്കൗണ്ടിലേയ്ക്കും സബ്സിഡി തുക കൈമാറിയതായും കണ്ടു. അർഹരായ ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം അനുവദിച്ചതെന്നും

കണ്ടെത്തി. ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകൾ ഭൂരിഭാഗവും അപൂർണമാണ്.

മേൽ അപാകതകൾ സംബന്ധിച്ച് 08.08.2022 തീയതിയിലെ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/കെ.എസ്.എ/ടി.വി.സി.10/2021-22) 10.08.2022 ലെ IEO TVM CORP/02/2022 ലെ വ്യവസായ വികസന ഓഫീസറുടെ മറുപടി കൂടി പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

**1. വ്യാജ ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ആനുകൂല്യം നേടി.**

ആനുകൂല്യം കൈപ്പറ്റുന്നതിനായി ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുള്ള ജാതി സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ പലതും വ്യാജമാണെന്ന് കണ്ടെത്തി. മയൂരം JLG ലെ സൗമ്യ.എ.എം ഹാജരാക്കിയ ഡിജിറ്റൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ക്യൂ.ആർ കോഡ് ഉപയോഗിച്ച് സ്കാൻ ചെയ്ത് പരിശോധിച്ചപ്പോൾ 03.07.2014 ൽ സൗമ്യ മോൾ.എ-യ്ക്ക് തഹസീൽദാർ അനുവദിച്ച ഡിജിറ്റൽ സർട്ടിഫിക്കറ്റിന്റെ പകർപ്പാണ് തിരുത്തൽ വരുത്തി പേര് സൗമ്യ എന്ന് മാത്രം ആക്കി ഹാജരാക്കിയിരിക്കുന്നതെന്ന് കണ്ടു.

ശ്രീമതി. വിദ്യ.എം.എസ് വേലിക്കകത്ത് JLG, വന്ദന JLG, എന്നീ 2 ഗ്രൂപ്പുകളിൽ അംഗമായി ഉൾപ്പെട്ടിട്ടുണ്ട്. ഒരേ ജാതി സർട്ടിഫിക്കറ്റാണ് 2 ഗ്രൂപ്പുകളിലും ഹാജരാക്കിയിരിക്കുന്നതെങ്കിലും (നമ്പർ A9/411120/19Kdis തീയതി. 23.11.2019) ഒന്നിൽ പിതാവിന്റെ പേര് ഷിബുവെന്നും രണ്ടാമത്തേതിൽ പിതാവിന്റെ പേര് മാധവനെന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഒരു സർട്ടിഫിക്കറ്റിൽ ഒപ്പു വച്ച തഹസീൽദാർ ശ്രീ. സുരേഷ്.കെ-യും രണ്ടാമത്തേതിൽ ശ്രീ കെ.ആർ. മണികണ്ഠനുമാണ്.

ഉദയ JLG, കളത്തൂർ എന്ന ഗ്രൂപ്പിന്റെ ഗുണഭോക്താവായ ദീപ.എം.വി സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റാണ് റോസ് JLG, കളത്തൂർ എന്ന ഗ്രൂപ്പിലെ ഗുണഭോക്താവായ മറ്റൊരു ദീപയും സമർപ്പിച്ചിരിക്കുന്നത്. പ്രസ്തുത സർട്ടിഫിക്കറ്റ് ആക്കുളം എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിൽ ഹാജരാക്കുന്നതിനായി 05.11.2013 ൽ അനുവദിച്ചിട്ടുള്ളതാണ്.

ഫയൽ പരിശോധിച്ചതിൽ 23 ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. 71 ഗുണഭോക്താക്കൾ സമർപ്പിച്ച ജാതി സർട്ടിഫിക്കറ്റുകളാകട്ടെ 2020-2021 വർഷം നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി ഓഡിറ്റ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ നടത്തിയ പരിശോധനയിൽ വ്യാജ ജാതി സർട്ടിഫിക്കറ്റാണെന്ന് കണ്ടെത്തിയ അതേ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകളാണ്. ജാതി സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളാണ് ഗുണഭോക്താക്കൾ ഹാജരാക്കിയിട്ടുള്ളതും. ആയതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട ജാതി സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിച്ചാൽ മാത്രമേ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റുകൾ യതാർത്ഥമാണോ എന്ന് അറിയാൻ കഴിയു.

വിവിധ ഗ്രൂപ്പുകളിൽ ഉൾപ്പെട്ട അംഗങ്ങൾ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റുകളുടെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പ് | അപാകതകൾ |
|---|---|---|
| 1 | ഒരുമ JLG | • ശ്രീമതി. ഹരിത ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റ് വ്യക്തമല്ല.<br>• ശ്രീമതി ഗൗരി എന്ന ഗുണഭോക്താവ് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 2 | ഉദയ JLG | • സജിത, അനില, ഹേമമാലിനി എന്നീ ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• ശ്രീമതി രമാ സുരേന്ദ്രൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 3 | ആശ്വാസ് JLG | • ശ്രീമതി ആതിര.എസ്.എൽ എന്ന ഗുണഭോക്താവ് ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• തങ്കച്ചി, അശ്വതി.എ.ജി, സൗമ്യരാജ്.ആർ, ദിവ്യ.എസ് എന്നീ ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 4 | അനഘ JLG | • ബേബി.പി എന്ന ഗുണഭോക്താവ് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• പ്രസന്ന, മിനി, ഷൈനി, ലത എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 5 | വേലിയ്ക്കകത്ത് JLG | • വിജയരമണി, ശ്യാമള.എസ്, സുനിതകുമാരി, വിദ്യ, ജയന്തി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 6 | ക്വീൻ JLG | • കവിതാ കാർത്തികേയൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത |

| | | |
|---|---|---|
| | | ഉറപ്പാക്കേണ്ടതുണ്ട്. |
| 7 | വന്ദന ഗാർമെന്റ് | • സരിത, വിദ്യ, നിഷ എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 8 | മയൂരം JLG | • സിന്ധു.ആർ, പ്രസന്ന.എസ്, മഹേശ്വരി.എം എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• പ്രസന്ന. എസ് പ്രസന്ന. ആർ ന്റെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റും സൗമ്യ സൗമ്യ മോൾ എ യുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റും രോഹിണി. പി രോഹിണി.വി യുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റുമാണ് ഹാജരാക്കിയത്. |
| 9 | സൂര്യ JLG | • ആര്യ എ.എസ് എന്ന ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• ചന്ദ്രിക, ശ്രീലത, ഐശ്വര്യ എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• ചന്ദ്രിക എന്ന ഗുണഭോക്താവിന്റെ പേര് ആധാർ പ്രകാരം ചന്ദ്രിക.കെ എന്നും ജാതി സർട്ടിഫിക്കറ്റിൽ ചന്ദ്രിക.എസ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 10 | ഐശ്വര്യ JLG | • ചന്ദ്രിക എ, ശാലിനി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• ആശാലത ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 11 | നക്ഷത്ര JLG | • ഷൈനിചന്ദ്രൻ, അശ്വതി ഫിബിരാജ്, ശ്രീജിത എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• സുമ.കെ.എസ്, സിനി.ജി.പി എന്നിവർ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 12 | കാരുണ്യ ഗാർമെന്റ്സ് | • രമ്യാരാജ്, ശോഭന, അശ്വതി,നീതു എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത |

| | | |
|---|---|---|
| | | ഉറപ്പാക്കേണ്ടതുണ്ട്.<br>• നീതു. ജെ.എസ് ന്റെ റേഷൻ കാർഡിലെയും ആധാറിലെയും പിതാവിന്റെ പേര് ശശിധരൻ നായർ എന്നത് വെട്ടി തിരുത്തി ശശിധരൻ എന്ന് തിരുത്തിയിരിക്കുന്നു. |
| 13 | ഐശ്വര്യ JLG | • സന്ധ്യ, മിനി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• മോളി എ 17.11.2015 ലെ ജാതി സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |
| 14 | ഐശ്വര്യ JLG | • ശുഭ വി, സുഗന്ധി , പ്രിയങ്ക, ഉഷാകുമാരി. ആർ എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• അംബിക ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 15 | നിർമാല്യം | • അനിത, ആതിര, ഷമീന എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• നിജ എസ് ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• അനിത എന്ന ഗുണഭോക്താവിന്റെ പേര് ആധാർ പ്രകാരം അനിത.ആർ എന്നും ജാതി സർട്ടിഫിക്കറ്റിൽ അനിത.എസ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 16 | സൗഭാഗ്യ JLG | • ഷീബ, ശ്രീലക്ഷ്മി, ഉഷ വി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• നിമിഷ മോൾ, സിത്താര ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 17 | നന്ദനം JLG | • ശ്രീമതി.ജയശ്രീ, ഗീത എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• രതീഷ്കുമാരി. ആർ, ശ്രീമതി തങ്കച്ചി എന്നിവർ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 18 | നിർമാല്യം JLG | • ശ്രീമതി. പ്രസീത, കുമാരി, അശ്വതി യു.എ എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത |

| | | |
|---|---|---|
| | | ഉറപ്പാക്കേണ്ടതുണ്ട്.<br>• സീന, ആശാലത ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 19 | വിഘ്നേശ്വര JLG | • ശാലിനി.വി, സുപ്രഭ. എൻ, മോനിഷ.എസ് ,ശോഭ.ബി, ചന്ദ്രിക എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 20 | ശിവപാർവതി JLG | • ആശ, ഹരിത, വനജ എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 21 | ദേവി JLG | • ഗിരിജ.എസ്, ശാരദ.കെ, പ്രീത.വി, സന്ധ്യ.വി, തുളസി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |
| 22 | റോസ് JLG | • രാജശ്രീ, മാലിനി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• നിഷ, അശ്വതി ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 23 | മലർ JLG | • വിനീത.എം.എസ്, ഗോമതി, പ്രവീണ, ലൈല.റ്റി, അരുന്ധതി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്.<br>• വിനീത.എം.എസ് എന്ന ഗുണഭോക്താവിന്റെ പേര് ആധാർ പ്രകാരം വിനീത.എം.എസ് എന്നും ജാതി സർട്ടിഫിക്കറ്റിൽ വിനീത.എസ്എസ് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| 24 | തളിർ JLG | • പ്രമീള.ആർ, രോഹിണി.ഡി, മിനി, പ്രകാശിനി എന്നിവർ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് തോന്നുന്നതിനാൽ താലൂക്ക് ഓഫീസുമായി ബന്ധപ്പെട്ട് ആധികാരികത ഉറപ്പാക്കേണ്ടതുണ്ട്. |

ജാതി സർട്ടിഫിക്കറ്റിന്റെയും മറ്റ് രേഖകളുടെയും ആധികാരികത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് "ഗുണഭോക്താക്കൾ ഹാജരാക്കുന്ന രേഖകളുടെ

അടിസ്ഥാനത്തിലാണ് സബ്സിഡി തുക അനുവദിക്കുന്നതെന്നും ഇവയുടെ ആധികാരികത പരിശോധിക്കാൻ നിർവഹണോദ്യോഗസ്ഥന് സംവിധാനങ്ങളൊന്നുമില്ലെന്നും രേഖകൾ പരിശോധിക്കുന്ന വേളയിൽ അവയുടെ ആധികാരികതയിൽ സംശയം തോന്നിയിരുന്നില്ലെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു.

സ.ഉ.(കൈ.) നം 264/2017/ആർ.ഡി തീയതി 04.08.2017 പ്രകാരം വില്ലേജ് ഓഫീസർമാരും തഹസീൽദാർമാരും നൽകുന്ന ജാതി സർട്ടിഫിക്കറ്റുകളിൽ ഒരു പ്രത്യേക ആവശ്യത്തിന് മാത്രമെന്ന വ്യവസ്ഥ റദ്ദാക്കുകയും എല്ലാ ജാതി സർട്ടിഫിക്കറ്റുകളുടെയും കാലയളവ് 3 വർഷമായി പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2013 മുതൽ ഇഷ്യൂ ചെയ്ത ജാതി സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ നിരവധി ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചതായി കണ്ടു. ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനോടുള്ള അന്വേഷണ കുറിപ്പിന് മറുപടിയായി ജാതി തെളിവായി സമർപ്പിക്കുന്ന രേഖയ്ക്ക് കാലാവധി നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ അത്തരമൊരു നിബന്ധന അപേക്ഷകർക്ക് ബാധകമാക്കിയിരുന്നില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. 04.08.2017-ലെ സർക്കാർ ഉത്തരവിൽ ജാതി സർട്ടിഫിക്കറ്റുകളുടെ കാലയളവ് നിശ്ചയിച്ചിട്ടുള്ളതിനാൽ നിർവഹണോദ്യോഗസ്ഥന്റെ വിശദീകരണം അംഗീകരിക്കാൻ കഴിയില്ല.

**2. പദ്ധതിയിൽ വ്യത്യസ്ത രീതിയിൽ സബ്സിഡി തുക വിതരണം ചെയ്തു.**

വെബ് സാംഖ്യ പരിശോധിച്ചതിൽ 25 ഗുണഭോക്തൃ സംഘങ്ങൾക്ക് പ്രോജക്ട് പ്രകാരം 2021-22 സാമ്പത്തിക വർഷം 3,00,000/- രൂപ വീതം സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്. രേഖകൾ പരിശോധിച്ചതിൽ സൗഭാഗ്യ, വിഘ്നേശ്വര, ക്വീൻ, വേലിക്കകം, വന്ദന, ഐശ്വര്യ, റോസ്, ശിവ പാർവതി, നിർമാല്യം, തളിർ, ആശ്വാസ്, നന്ദനം, മയൂരം എന്നീ 14 ജെ.എൽ.ജി കൾക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, കുളത്തൂർ ശാഖയിൽ പ്രസ്തുത ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുള്ള അക്കൗണ്ടുകളിലേയ്ക്കാണ് സബ്സിഡി തുക അനുവദിച്ചിട്ടുള്ളത്. ഇതിൽ നിർമാല്യം ജെ.എൽ.ജി, ഐശ്വര്യ ജെ.എൽ.ജി. എന്നീ ഗ്രൂപ്പുകൾക്ക് 2 തവണ സബ്സിഡി തുക അനുവദിച്ചിട്ടുണ്ട്(ഇത് സംബന്ധിച്ച പരാമർശം പ്രത്യേകമായി ചേർത്തിട്ടുണ്ട്). അവശേഷിക്കുന്ന ഗ്രൂപ്പുകൾക്കെല്ലാം ബാങ്കിന്റെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്. സബ്സിഡി തുക ഗ്രൂപ്പുകൾക്ക് വ്യത്യസ്ത രീതിയിൽ വിതരണം ചെയ്തത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് "ഒരു ഘട്ടത്തിൽ ബാങ്കിന് സബ്സിഡി നൽകുന്ന രീതി അനുവദിക്കാനാകില്ലെന്ന് ചൂണ്ടിക്കാട്ടി തിരുവനന്തപുരം ജില്ലാ ട്രഷറി ബില്ലുകൾ തടഞ്ഞു വയ്ക്കുകയുണ്ടായെന്നും ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി നൽകുന്നത് സർക്കാരിന്റെ ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ നയത്തിന് വിരുദ്ധമാണെന്നും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ടാണ് സബ്സിഡി നൽകേണ്ടതെന്നുമാണ് ട്രഷറിയിൽ നിന്നും

അറിയിച്ചതെന്നും ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി തദ്ദേശസ്വയംഭരണ വകു അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കും SRG കൺവീനർക്കും കത്ത് നൽകിയെന്നും ആയതിന്റെ തീരുമാനം വരുന്നതുവരെ ബിൽ വൈകിപ്പിക്കുന്നത് പദ്ധതി തുക ചെലവഴിക്കുന്നതിനെ കാര്യമായി ബാധിക്കുമെന്നതിനാൽ ട്രഷറിയിൽ നിന്നും നിർദ്ദേശിച്ച പ്രകാരം ഗുണഭോക്തൃ ഗ്രൂപ്പുകളുടെ അക്കൗണ്ടുകളിലേയ്ക്ക് സബ്സിഡി നൽകിയെന്നും കോർ ബാങ്കിംഗ് ഇല്ലാത്ത പ്രാഥമിക സഹകരണ ബാങ്കുകളുടെ കാര്യത്തിൽ ബാങ്കിന് നേരിട്ട് സബ്സിഡി നൽകുന്ന രീതി തുടർന്നതായും നിർവഹണോദ്യോഗസ്ഥൻ അറിയിച്ച്". ഒരേ പദ്ധതിയിൽ വ്യത്യസ്ത രീതിയിൽ സബ്സിഡി തുക അനുവദിച്ചത് എല്ലാം അർഹരായ ഗുണഭോക്താക്കൾക്ക് തന്നെ ലഭിച്ചിട്ടുണ്ടോ എന്നും എല്ലാ ഗ്രൂപ്പുകൾക്കും ബാങ്ക് ലോൺ ലഭ്യമായിട്ടുണ്ടോ എന്നും ഉറപ്പുവരുത്താതെയാണ് നിർവ്വഹണോദ്യോഗസ്ഥൻ സബ്സിഡി തുക വിതരണം നടത്തിയതെന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം അനിവാര്യമാണ്.

**3. ഒരേ ഗുണഭോക്താവിനെ ഒന്നിലധികം ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തി സബ്സിഡി തുക അനുവദിച്ച**

സബ്സിഡി മാർഗരേഖ പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നോ മറ്റ് സർക്കാർ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ ഉണ്ടാകരുത് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ 2020-21 ൽ ആനുകൂല്യം ലഭിച്ച 16 ഗുണഭോക്താക്കളെ വ്യത്യസ്ത ഗ്രൂപ്പിൽ ഉൾപ്പെടുത്തി 2021-22 ലും ആനുകൂല്യം നൽകി കാണുന്നു. മാത്രമല്ല 2021-22 ൽ പദ്ധതിയുടെ ഭാഗമായ 25 ഗ്രൂപ്പുകളിൽ 13 ഗ്രൂപ്പിലും മുൻപ് ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ തന്നെ ഉൾപ്പെട്ടതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അംഗങ്ങളായ ഗ്രൂപ്പ് |
|---|---|---|
| 1 | ആശാലത.എസ് | ഐശ്വര്യ JLG കളത്തൂർ, (പ്രോ.നം. 613/22)<br>നിർമ്മാല്യം JLG കളത്തൂർ (പ്രോ.നം.613/22) |
| 2 | ഗിരിജ.എസ് | ദേവി JLG (പ്രോ.നം. 613/22)<br>സൂര്യ JLG (പ്രോ.നം. 38/21) |
| 3 | ജയന്തി.എസ് | വേലിയ്ക്കകത്ത് JLG (പ്രോ.നം. 613/22)<br>നന്ദിനി ഗാർമെന്റ് കളത്തൂർ (പ്രോ.നം. 38/21) |
| 4 | കുമാരി.ആർ | നിർമാല്യം JLG (പ്രോ.നം. 613/22)<br>സുരഭി JLG (പ്രോ.നം. 38/21) |
| 5 | ഹേമമാലിനി.പി | ഭദ്രാ ഗാർമെന്റ് (പ്രോ.നം. 38/21)<br>ഉദയ JLG (പ്രോ.നം. 613/22) |

| | | |
|---|---|---|
| 6 | പ്രസന്ന.എസ് | പ്രിയങ്ക ഗാർമെന്റ് (പ്രോ.നം. 38/21)<br>കൈരളി ഗാർമെന്റ് (പ്രോ.നം. 38/21)<br>മയൂരം JLG (പ്രോ.നം. 613/22) |
| 7 | പ്രീത.വി | സുരഭി JLG (പ്രോ.നം. 38/21)<br>ദേവി JLG (പ്രോ.നം. 613/22) |
| 8 | പ്രിയങ്ക.ആർ | മെഹൻസ് JLG (പ്രോ.നം. 38/21)<br>ഐശ്വര്യ JLG (പ്രോ.നം. 613/22) |
| 9 | രജനി | പാർവ്വതി ഗാർമെന്റ്, കുളത്തൂർ (പ്രോ.നം. 38/21)<br>ഐശ്വര്യ JLG (പ്രോ.നം. 613/22) |
| 10 | രോഹിണി.വി | സൂര്യ ഗാർമെന്റ്, കുളത്തൂർ (പ്രോ.നം. 38/21)<br>തളിർ JLG (പ്രോ.നം. 613/22) |
| 11 | സുനിത കുമാരി.കെ | ഐശ്വര്യ ഗാർമെന്റ് (പ്രോ.നം. 38/21)<br>വേലിയ്ക്കകത്ത് JLG (പ്രോ.നം. 613/22) |
| 12 | ശാലിനി.വി | കൃപ ഗാർമെന്റ് (പ്രോ.നം. 38/21)<br>ഐശ്വര്യ JLG (പ്രോ.നം. 613/22)<br>വിഘ്നേശ്വര JLG (പ്രോ.നം. 613/22) |
| 13 | ശാരദ.കെ | സുരഭി ഗാർമെന്റ് (പ്രോ.നം. 38/21)<br>ദേവി JLG (പ്രോ.നം. 613/22) |
| 14 | തങ്കച്ചി.എസ് | സൂര്യ ഗാർമെന്റ്, കുളത്തൂർ (പ്രോ.നം. 38/21)<br>ആശ്വാസ് JLG, കുളത്തൂർ (പ്രോ.നം. 613/22) |
| 15 | തുളസി.എസ് | കൈരളി ഗാർമെന്റ് (പ്രോ.നം. 38/21)<br>ദേവി JLG (പ്രോ.നം. 613/22) |
| 16 | ഉഷാകുമാരി.ആർ | നന്ദിനി ഗാർമെന്റ്സ്, കുളത്തൂർ (പ്രോ.നം. 38/21)<br>ഐശ്വര്യ JLG (പ്രോ.നം. 613/22) |
| 17 | വിദ്യ.എം.എസ് | ഐശ്വര്യ JLG (പ്രോ.നം. 38/21)<br>വന്ദന JLG (പ്രോ.നം. 613/22)<br>വേലിയ്ക്കകത്ത് JLG (പ്രോ.നം. 613/22) |

ഈ വിഷയം സംബന്ധിച്ച അന്വേഷണത്തിന് ഒരേ ഗുണഭോക്താവ് വിവിധ ഗ്രൂപ്പുകളിൽ ആവർത്തിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നും അപേക്ഷകർ വിവിധ സന്ദർഭങ്ങളിലായാണ് അപേക്ഷകളും രേഖകളും സമർപ്പിക്കുന്നതെന്നും 29 പ്രോജക്ടുകളിലായി ഏകദേശം ആയിരത്തിലധികം അപേക്ഷയാണ് നിർവ്വഹണോദ്യഗസ്ഥന് പരിശോധിക്കേണ്ടതായി വന്നിട്ടുള്ളതെന്നും നിർവ്വഹണത്തിൽ സഹായിക്കുന്നതിനായി ക്ലർക്കോ മറ്റ് സ്റ്റാഫോ ഇല്ലാത്തതിനാൽ ഗുണഭോക്താക്കളുടെ വിവരം ഡിജിറ്റൈസ് ചെയ്തോ മറ്റ് മാർഗ്ഗങ്ങളുപയോഗിച്ചോ കാര്യക്ഷമമായി സൂക്ഷിക്കുന്നതിനോ ഇരട്ടിപ്പ് ഉണ്ടോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിരുന്നില്ല എന്നും ഇക്കാര്യം വിശദമായി പരിശോധിച്ച് ഇരട്ടിപ്പ് ഉണ്ടായിട്ടുള്ള ഗുണഭോക്താക്കളെ ഒഴിവാക്കി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മറ്റ്

ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ച് ആയതിന്റെ വിവ അറിയിക്കുന്നതാണെന്നും അറിയിച്ചു. സബ്സിഡി ആനുകൂല്യം വിതരണം നടത്തിയ ശേഷം ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല.

**4. അർഹരായ ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം അനുവദിച്ചത്**

നിർവഹണോദ്യോഗസ്ഥൻ ഹാജരാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ വനിതകൾ എസ്.സി എന്ന പദ്ധതിയിൽ (പ്രോജക്ട് നം.613/22) ഗുണഭോക്തൃ ലിസ്റ്റ് ക്രമ നം 467 ൽ ഒരു ഗുണഭോക്താവും ക്രമ നം 658-667 വരെ 10 ഗ്രൂപ്പുകളും മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ 10 ഗ്രൂപ്പിൽ തന്നെ 8 ഗ്രൂപ്പിൽ ഗുണഭോക്താക്കളുടെ പേരില്ല. 2 ഗ്രൂപ്പിൽ ഓരോ ഗുണഭോക്താക്കളുടെ പേരുമാണുള്ളത്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ജനറൽ വിഭാഗം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 20 ഗ്രൂപ്പുകൾക്കും, ഒരു ഗുണഭോക്തൃ ലിസ്റ്റിലും ഉൾപ്പെടാത്ത 5 ഗ്രൂപ്പുകൾക്കുമാണ് പട്ടികജാതി വിഭാഗത്തിനായുള്ള പദ്ധതിയിൽ നിന്നും നടപ്പു സാമ്പത്തിക വർഷം ആനുകൂല്യം നൽകിയത്. അപേക്ഷകൾ വിശദമായി പരിശോധിച്ചപ്പോൾ ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കളെ പട്ടിക വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം വിതരണം ചെയ്ത ഘട്ടത്തിലും ചില ഗുണഭോക്താക്കളെ വീണ്ടും മാറ്റി ഒരു ഗുണഭോക്തൃ പട്ടികയിലും ഇല്ലാത്ത ആളുകൾക്കും ആനുകൂല്യം നൽകിയതായി കാണുന്നു. കാരുണ്യ ഗാർമെന്റ്സിൽ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി. രമ ആണ് ഗുണഭോക്താവ് എന്നാൽ അപേക്ഷ ഫോം പ്രകാരം ശ്രീമതി ശോഭനയാണ് ഗുണഭോക്താവ്. അതുപോലെ വിഘ്നേശ്വര ജെ.എൽ.ജി എന്ന ഗ്രൂപ്പിൽ ഗുണഭോക്തൃ ലിസ്റ്റിൽ ശ്രീമതി. ശോഭിത ആണ് ഗുണഭോക്താവ് അപേക്ഷ ഫോം പ്രകാരം ശ്രീമതി ശോഭ.ബിയാണ് ഗുണഭോക്താവ്. ഇതിൽ നിന്നും അർഹതപ്പെട്ട ഗുണഭോക്താക്കൾക്കും ഗ്രൂപ്പുകൾക്കുമല്ല സബ്സിഡി ആനുകൂല്യം ലഭിച്ചതെന്ന് വ്യക്തമാണ്.

ചുവടെ ചേർത്തിട്ടുള്ള ജനറൽ വിഭാഗം ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 20 ഗ്രൂപ്പുകൾക്കാണ് പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയത്.

| ക്രമ നം | ഗുണഭോക്തൃ ലിസ്റ്റിലെ ക്രമ നം | ഗ്രൂപ്പിന്റെ പേര് | ഗുണഭോക്തൃ ഗ്രൂപ്പ് ഉൾപ്പെട്ട പോജക്റ്റിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 824 | ഒരുമ JLG | |
| 2 | 1029 | ഉദയ JLG | |
| 3 | 1026 | ആശ്വാസ് JLG | |
| 4 | 818 | അനഘ JLG | |
| 5 | 1024 | ക്വീൻ JLG | |

| | | | |
|---|---|---|---|
| 6 | 1045 | വന്ദന ഗാർമന്റ് | സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ വനിത(ജനറൽ) - പ്രോജക്ട് നം 760 |
| 7 | 1014 | മയൂരം JLG | |
| 8 | 1028 | നക്ഷത്ര JLG | |
| 9 | 1027 | കാരുണ്യ JLG | |
| 10 | 820 | ഐശ്വര്യ JLG | |
| 11 | 1011 | ഐശ്വര്യ JLG | |
| 12 | 1044 | നിർമാല്യം JLG | |
| 13 | 1022 | സൗഭാഗ്യ JLG | |
| 14 | 1018 | നിർമാല്യം JLG | |
| 15 | 1017 | വിഘ്നേശ്വര JLG | |
| 16 | 1043 | ശിവപാർവതി JLG | |
| 17 | 1009 | ദേവി JLG | |
| 18 | 1021 | റോസ് JLG | |
| 19 | 1016 | മലർ JLG | |
| 20 | 1012 | തളിർ JLG | |

**5.സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ അപേക്ഷകൾ അപൂർണം**

ഗുണഭോക്താക്കൾ സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ ഗ്രൂപ്പുകൾ സമർപ്പിച്ചിട്ടുള്ള ഒരു അപേക്ഷാ ഫോമിലും നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രമോ അപേക്ഷയോടൊപ്പം ഗ്രൂപ്പ് ഫോട്ടോയോ ബാങ്ക് പാസ്ബുക്കിന്റെ കോപ്പിയോ, ഗ്രേഡിങ് സർട്ടിഫിക്കറ്റോ ഇല്ലാതെയാണ് സബ്സിഡി ആനുകൂല്യം നൽകിയതെന്ന് കാണുന്നു. 25 ഗ്രൂപ്പുകളുടെയും അപേക്ഷകൾ പരിശോധിക്കുമ്പോൾ അപൂർണവും അപാകതകൾ നിറഞ്ഞതുമായിട്ടാണ് കാണുന്നത്. ഓരോ ഗ്രൂപ്പിനെയും സംബന്ധിച്ച് കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗ്രൂപ്പ് | അപാകതകൾ |
|---|---|---|
| 1 | ഒരുമ JLG | • അപേക്ഷയിൽ ഗ്രൂപ്പിലെ 5 അംഗങ്ങളുടെയും മേൽവിലാസം സിന്ധു നിവാസ്, മൂന്നാറ്റുമുക്ക് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br>• വിദ്യ.ബി.എസ് എ.പി.എൽ.എസ്.എസ് റേഷൻ കാർഡിന്റെ പകർപ്പാണ് ഹാജരാക്കിയത്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 2 | ഉദയ JLG | • ഹേമമാലിനി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| 3 | അമ്പാടി | • മഞ്ജു എം എന്ന ഗുണഭോക്താവിന്റെ രേഖകൾ ഇല്ല. |
| 4 | ആശ്വാസ് JLG | • അശ്വതി.എ.ജി, സൗമ്യരാജ്. ആർ എന്നീ ഗുണഭോക്താക്കൾ എ.പി.എൽ.എസ്.എസ് റേഷൻ കാർഡിന്റെ പകർപ്പാണ് ഹാജരാക്കിയത്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 5 | അനഘ JLG | • അപേക്ഷയിൽ മിനി എന്ന ഗുണഭോക്താവിന്റെ പേരും എഗ്രിമെന്റിൽ മിനിയ്ക്കു പകരം നിഷ എന്ന ഗുണഭോക്താവിന്റെ പേരുമാണുള്ളത്. |
| 6 | ക്വീൻ JLG | • എഗ്രിമെന്റിൽ കവിതാ കാർത്തികേയൻ എന്ന ഗുണഭോക്താവിന് പകരം നിഷ എന്ന ഗുണഭോക്താവിന്റെ പേരാണുള്ളത്.<br>• ശ്രീമതി രമണി എന്ന ഗുണഭോക്താവിന്റെ പ്രായം കൂടുതലായതിനാൽ ടിയാളെ മാറ്റി മായ.എ എന്നയാളെ ഉൾപ്പെടുത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ എഗ്രിമെന്റിൽ ടിയാളുടെ പേരില്ല. |
| 7 | വന്ദന ഗാർമെന്റ് | • സരള എന്ന അംഗത്തിന്റെ രേഖകൾ ഫയലിനോടൊപ്പമില്ല. |
| 8 | മയൂരം JLG | • സൗമ്യ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡിന്റെ പകർപ്പ് വ്യക്തമല്ല. |
| 9 | സൂര്യ JLG | • ആര്യ എ.എസ് എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 10 | ഐശ്വര്യ JLG | • എഗ്രിമെന്റിൽ ഷീബ എന്ന ഗുണഭോക്താവിന് പകരം ചന്ദ്രിക എന്ന ഗുണഭോക്താവിന്റെ പേരാണുള്ളത്. |
| 11 | നക്ഷത്ര JLG | • സുമ.കെ.എസ്,സിനി.ജി.പി എന്നീ ഗുണഭോക്താക്കളുടെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• എഗ്രിമെന്റിൽ ശ്രീജിത എന്ന ഗുണഭോക്താവിന് പകരം രോഹിണി എന്ന ഗുണഭോക്താവിന്റെ പേരാണുള്ളത്. |
| 12 | കാരുണ്യ ഗാർമെന്റ്സ് | • അപേക്ഷ ഫോം ഇല്ല |
| 14 | ഐശ്വര്യ JLG | • സുഗന്ധി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 15 | നിർമാല്യം | • എഗ്രിമെന്റിൽ ശൈലജ എന്ന ഗുണഭോക്താവിന് |

| | | |
|---|---|---|
| | | പകരം അനിത എന്ന ഗുണഭോക്താവിന്റെ പേരാണുള്ളത്.<br>• എഗ്രിമെന്റിൽ ഷംന എന്ന ഗുണഭോക്താവിന് പകരം ഷമീന എന്ന ഗുണഭോക്താവിന്റെ പേരാണുള്ളത്.<br>• സൂര്യ.എസ് എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 17 | സൗഭാഗ്യ JLG | • ശ്രീമതി.ഉഷ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് എ.പി.എൽ.എസ്.എസ് ആണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• അപേക്ഷ ഫോം ഇല്ല. |
| 18 | നന്ദനം JLG | • അപേക്ഷ ഫോം ഇല്ല.<br>• ശ്രീമതി.ജയശ്രീ, ഗീത, രതീഷ്മകുമാരി. ആർ എന്നീ ഗുണഭോക്താക്കളുടെ റേഷൻ കാർഡ് എ.പി.എൽ.എസ്.എസ് ആണ്, ശ്രീമതി തങ്കച്ചി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്.എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 19 | നിർമാല്യം JLG | • ശ്രീമതി.പ്രസീത, കുമാരി, സീന.എസ് എന്നീ ഗുണഭോക്താക്കളുടെ റേഷൻ കാർഡ് എ.പി.എൽ.എസ്.എസ് ആണ് എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• അപേക്ഷ ഫോം ഇല്ല. |
| 20 | വിഘ്നേശ്വര JLG | • മോനിഷ.എസ് എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല. |
| 21 | ശിവപാർവതി JLG | • ഹരിത എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗത്തിലേതാണ്, ശ്രീജ എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡ് പൊതുവിഭാഗം സബ്സിഡി ആണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br>• സുകുമാരി , വനജ എന്നിവരെ മാറ്റി പകരം അനിത ശ്രീജ എന്നിവരെ ഉൾപ്പെടുത്തിയതായി ടൗൺ പ്ലാനിങ് സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ജിഷ ജോണിന്റെ കത്തിന്റെ പകർപ്പുണ്ടെങ്കിലും അനിതയുടെ വിശദാംശങ്ങൾ ഇല്ല. |
| 23 | റോസ് JLG | • അപേക്ഷ ഫോം ഇല്ല.<br>• അശ്വതി എന്ന ഗുണഭോക്താവിന്റെ റേഷൻ കാർഡിലെ അംഗങ്ങളുടെ വിശദാംശങ്ങൾ ഉള്ള ഭാഗം ഇല്ല .പൊതുവിഭാഗം കാർഡ് ആണ്. എന്നാൽ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |

| | | |
|---|---|---|
| 24 | മലർ JLG | • അപേക്ഷയിൽ ഗ്രൂപ്പിലെ 5 അംഗങ്ങളുടെയും മേൽവിലാസം പുതുവൽ മണക്കാട്, കുളത്തൂർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.<br>• ഗോമതി എന്ന ഗുണഭോക്താവിന്റെ ആധാറിലെ ജനന തീയതി തിരുത്തിയിരിക്കുന്നു. |

ഇത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിരവധി പ്രോജക്ടുകൾ ഒറ്റയ്ക്ക് നിർവഹിക്കേണ്ടി വന്നതിലുള്ള സമയക്കുറവ് കാരണം ഡോക്യുമെന്റേഷനിൽ പല അപാകതകളും സംഭവിച്ചിട്ടുണ്ടെന്നും ആയത് പരിഹരിക്കുന്നതാണെന്നും എല്ലാ അപേക്ഷയിലും നിർവഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഉൾക്കൊള്ളിക്കുന്നതാണെന്നും ഗ്രൂപ്പ് ഫോട്ടോയും ബാങ്ക് പാസ് ബുക്കിന്റെ കോപ്പിയും ഗ്രൂപ്പുകളിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾക്കാണ് ഗ്രേഡിങ് എന്ന പ്രക്രിയ നിലവിലുള്ളതെന്നും മറ്റ് ജെ.എൽ.ജി. കളുടെ ഗ്രേഡിങ് ആര് എങ്ങനെ നിർവഹിക്കണമെന്നും എന്തൊക്കെ ഘടകങ്ങൾ അടിസ്ഥാനമാക്കണമെന്നും വ്യക്തതയില്ലെന്നും ഇതു സംബന്ധിച്ച് സബ്സിഡി മാർഗരേഖയിലും കൂടുതലായി ഒന്നും പറയാത്തതിനാലാണ് ഗ്രേഡിങ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാത്തതെന്നും അറിയിച്ചു.

മറുപടിയിൽ നിന്നും നിർവഹണോദ്യോഗസ്ഥൻ പദ്ധതി നിർവഹണ സമയത്ത് ആവശ്യമായ രേഖകൾ/വിവരങ്ങൾ ശേഖരിക്കാതെയാണ് നിർവഹണം നടത്തിയതെന്ന് വ്യക്തമാണ്.

പദ്ധതി പ്രകാരം 25 ഗ്രൂപ്പുകൾക്ക് 3 ലക്ഷം രൂപാ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട്. എന്നാൽ സംരംഭം ആരംഭിച്ചതിന്റെ വിശദാംശങ്ങളോ ലൈസൻസ് വിശദാംശങ്ങളോ ഫയലിൽ ലഭ്യമല്ല. ആയതു സംബന്ധിച്ച അന്വേഷണത്തിന് വിവിധ വാർഡുകളിലെ ഗ്രൂപ്പുകളിൽ റാൻഡം രീതിയിൽ നേരിട്ട് പരിശോധിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്നും ഗ്രൂപ്പുകളിൽ നിന്നും ബാങ്ക് പാസ് ബുക്കും മറ്റ് രേഖകളും വാങ്ങി ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റുകളുടെ ആധികാരികത പരിശോധിക്കാൻ കഴിയാത്തതിനാലും ഒരേ പദ്ധതിയിൽ വ്യത്യസ്ത രീതിയിൽ സബ്സിഡി തുക അനുവദിച്ചതിനാലും ഒരേ ഗുണഭോക്താക്കൾക്ക് ഒന്നിലധികം ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തി സബ്സിഡി തുക അനുവദിച്ചതിനാലും ആവശ്യമായ രേഖകളുടെ അഭാവത്തിലും സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾ വനിതകൾ SC എന്ന പദ്ധതിയിലെ ഗുണഭോക്താക്കൾക്കല്ല ആനുകൂല്യം ലഭ്യമാക്കിയതെന്നതിനാലും ഈ വിഷയത്തിൽ വിശദമായ അന്വേഷണം

ശുപാർശ ചെയ്യുന്നതോടൊപ്പം പദ്ധതിക്കായി ചെലവഴിച്ച 69,00,000/-രൂപ(75,00,000-6,00,000) തടസ്സത്തിൽ വയ്ക്കുന്നു.

**6. ഗ്രൂപ്പുകൾക്ക് 2 തവണ സബ്സിഡി തുക അനുവദിച്ചു- 6,00,000/-രൂപ നിരാകരിക്കുന്നു.**

പ്രോജക്ട് ഫയൽ പ്രകാരം ഐശ്വര്യ JLG എന്ന പേരിൽ 3 ഗ്രൂപ്പുകൾ ഉണ്ട്. 2 തവണ 300000/- രൂപ സബ്സിഡി അനുവദിച്ചിരിക്കുന്നത് 02020120103001l എന്ന ഐശ്വര്യ JLG ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്കാണ്. അതുപോലെ നിർമാല്യം ജെ.എൽ.ജി എന്ന പേരിൽ കളത്തൂരിലും പൗണ്ടുകടവിലും പ്രവർത്തിക്കുന്ന 2 ഗ്രൂപ്പുകൾക്കുള്ള സബ്സിഡി തുകയായ 6,00,000/- രൂപ അനുവദിച്ചിരിക്കുന്നത് 02020120103006 എന്ന നിർമാല്യം JLG ഗ്രൂപ്പിന്റെ അക്കൗണ്ടിലേക്കാണ്. ഈ വിഷയം സംബന്ധിച്ച അന്വേഷണത്തിന് ഗ്രൂപ്പുകളുടെ പേരുകൾ ഒന്നായതിലുള്ള ആശയക്കുഴപ്പം കാരണമാണ് ഒരേ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക കൈമാറാൻ കാരണമായതെന്നും ഇത് ഇപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടതെന്നും അക്കൗണ്ടിലേയ്ക്ക് അയച്ച സബ്സിഡിയുടെ വിനിയോഗം സംബന്ധിച്ച വിവരം ബാങ്കിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സബ്സിഡി തുക അർഹമായ ഗ്രൂപ്പിന് തന്നെ ലഭിച്ചു എന്ന് ഉറപ്പുവരുത്തി ആയത് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ ഗ്രൂപ്പുകൾക്ക് രണ്ട് തവണ സബ്സിഡി തുക അനുവദിച്ച സാഹചര്യത്തിൽ അധികം നൽകിയ 6,00,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ബന്ധപ്പെട്ട ഗ്രൂപ്പിൽ നിന്നോ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ തുക ഈടാക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ